# സമർപ്പണം

രൂക്ഷമീയൗഷധ ഗന്ധങ്ങൾ തിങ്ങുമീ
ആശുപത്രിക്കിടക്കയ്ക്കു തൻ മുന്നിലായ്
കൈവിട്ടുപോയ മുടിയനാം പുത്രനായ്
നിന്നടുത്തിന്നിതാ വന്നു നില്ക്കുന്നു ഞാൻ.

തീവ്രമീവേദന കാർന്നു തിന്നുമ്പൊഴും
നീയെന്നെനോക്കിച്ചിരിക്കാൻ ശ്രമിച്ചുവോ?
നീയെൻ വിരലുകൾ കൂട്ടിപ്പിടിച്ചുവോ?

എങ്ങിനെ?
തീരാത്ത നിൻ നൊമ്പരങ്ങളെ
എങ്ങിനെയൊപ്പിയെടുക്കുവതെങ്ങിനെ
എന്നറിയാതെ ഞാനമ്മേ! നിശ്ശബ്ദനായ്
നിൻ മുന്നിലിങ്ങനെ നോക്കിനില്ക്കുന്നിതാ.

ഞാനിറങ്ങട്ടേ!
വിദൂരമാമെൻ കൊച്ചു നീലത്തുരുത്തിലേയ്–
ക്കൊന്നും പറയാതെ ഞാൻ മടങ്ങട്ടേ!

വാടി വിളറുമീ സന്ധ്യയും, മുന്നിലായ്
നീളും നിഴലും വെളിച്ചവും മൂകരായ്
നോക്കി നില്ക്കുന്നു ; മടങ്ങട്ടെ ഞാനിനി
ഒന്നും പറയാനറിയതെയീവഴി
ഒന്നും പറയാൻ കഴിയാതെയീവഴി. ■